# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2424

23-01-2014-ൽ മറുപടിക്ക്.

### പുതിയ വ്യവസായ സംരംഭങ്ങളുടെ വിശദാംശങ്ങൾ

**ചോദ്യം**

ശ്രീ. കെ.രാധാകൃഷ്ണൻ
ശ്രീ. ജെയിംസ് മാത്യു
ശ്രീ. രാജു എബ്രഹാം
ശ്രീമതി പി.അയിഷാ പോറ്റി

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും
വകുപ്പു മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് കൂടുതൽ വ്യവസായസംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായി സംഘടിപ്പിച്ച പരിപാടികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(എ) സംസ്ഥാനത്തെ നിക്ഷേപക സാധ്യതകൾ വർദ്ധിപ്പിക്കുവാനായി 2012 സെപ്തംബറിൽ കൊച്ചിയിൽ വച്ച് എമർജിംഗ് കേരള നിക്ഷേപ സംഗമം സംഘടിപ്പിക്കുകയുണ്ടായി. അതിനോടനുബന്ധിച്ചും, അതിനു ശേഷവും വിവിധ മേഖലകളെക്കുറിച്ചുള്ള സെമിനാറുകളും വർക്ക്ഷോപ്പുകളും സംഘടിപ്പിക്കുകയുണ്ടായി. കെ.എസ്.ഐ.ഡി.സി. നടത്തിയ സെമിനാറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| സെമിനാറിന്റെ പേര് | തീയതി | സ്ഥലം |
|---|---|---|
| Energy & Environment – Challenges & Solutions | 14/06/2013 | തിരുവനന്തപുരം |
| Petrochemical Zone | 26/07/2013 | കൊച്ചി |
| Life Sciences – Opportunities & Challenges | 03/09/2013 | തിരുവനന്തപുരം |

കൂടാതെ, 30/04/2013-ൽ കൊച്ചിയിൽ വച്ച് K-BIP ന്റെ ആഭിമുഖ്യത്തിൽ Electronics System Design & Manufacturing എന്ന വിഷയത്തിൽ ഒരു സെമിനാർ നടത്തുകയുണ്ടായി.

| | |
|---|---|
| (ബി) സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭങ്ങളുമായി എത്തിയവരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;<br><br>(സി) എത്ര തുകയ്ക്കുള്ള വ്യവസായ സംരംഭങ്ങളാണ് ഇവർ ആരംഭിച്ച തെന്നും അതുവഴി എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടു ണ്ടെന്നും അറിയിക്കാമോ; | (ബി) & (സി) 2011 ഏപ്രിലിനുശേഷം കെ.എസ്.ഐ. ഡി.സി.യുടെ സഹായ സഹകരണങ്ങ ളോടെ ആരംഭിക്കുവാൻ കെ.എസ്.ഐ. ഡി.സി. ബോർഡ് നിക്ഷേപ തീരുമാന മെടുത്തിട്ടുള്ള 52 പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം - I ആയി ചേർത്തിരിക്കുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഐ.ഡി.സി.യുടെ കീഴിൽ പ്രവർ ത്തനം ആരംഭിച്ചിട്ടുള്ള 737.80 കോടി രൂപയുടെ പദ്ധതികളിലായി 3603 പേർക്ക് പ്രത്യക്ഷമായി തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.<br><br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന 2011 ഏപ്രിൽ മുതൽ 2014 ജനുവരി 20 വരെ 34,753 പേർ പുതിയ വ്യവസായ സംരംഭങ്ങളുമായി എത്തിയിട്ടുള്ളതായി കണക്കാക്കപ്പെടുന്നു.<br><br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന 5217.91 കോടി രൂപ മുതൽ മുടക്കുള്ള സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതുവഴി പ്രത്യക്ഷമായും പരോക്ഷമായും ആകെ 223820 പേർക്ക് തൊഴിൽ ലഭ്യമായതായി കണക്കാക്ക പ്പെടുന്നു.<br><br>കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ അലോട്ട് ചെയ്യപ്പെട്ടിട്ടുള്ള സംരംഭങ്ങൾ പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ ഉണ്ടാകുന്ന തൊഴിലവ സരങ്ങളും നിക്ഷേപവും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം - III ആയി ചേർക്കുന്നു. |
| (ഡി) പുതിയ വ്യവസായ സംരംഭകർക്ക് സംസ്ഥാന സർക്കാർ ഇതിലേക്കായി അനുവദിച്ച ആനുകൂല്യങ്ങളുടെയും മറ്റ് ഇളവുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) ഈ മേഖലയിൽ ഉള്ള Thrust Sector പദ്ധതികൾക്ക് താരതമ്യേന കുറഞ്ഞ പലിശ നിരക്കിൽ വായ്പയും സഹായ സഹകരണങ്ങളും കെ.എസ്.ഐ.ഡി.സി. നൽകി വരുന്നുണ്ട്.<br><br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ ങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യവുമായി നിലവിലുണ്ടായിരുന്ന 9 പദ്ധതികൾ ഏകോപിപ്പിച്ചുകൊണ്ട് പുതിയ പദ്ധതിയായ സംരംഭകത്വ സഹായ പദ്ധതി നടപ്പിലാ ക്കുകയുണ്ടായി. പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ |

ങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നു. ഇത് പരമാവധി 20 ലക്ഷം രൂപയാണ്.

ഇതു കൂടാതെ വനിതാ സംരംഭ ങ്ങൾക്കും പട്ടികജാതി പട്ടികവർഗ്ഗ സംരംഭ ങ്ങൾക്കും യുവ സംരംഭങ്ങൾക്കും സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായവും നൽകുന്നു. ഇത് പരാവധി 30 ലക്ഷം രൂപയാണ്.

മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭ ങ്ങൾക്ക് സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകും. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപയും, കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതികവിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്ക് 10% പരമാവധി 10 ലക്ഷം രൂപയും അധിക സാമ്പത്തിക സഹായം നൽകി വരുന്നു.

കൂടാതെ വ്യവസായങ്ങൾ ആരംഭിക്കുന്നതു മായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങ ളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കി വ്യവ സായ പാർക്കുകൾ സ്ഥാപിച്ച് കിൻഫ്ര വ്യവസായ നിക്ഷേപങ്ങൾ ആകർഷിച്ചു കൊണ്ടിരിക്കുന്നു. വ്യവസായ സംരംഭകർക്ക് ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും ലഭിക്കുന്നതി നുള്ള സംവിധാനവും കിൻഫ്രയുടെ എല്ലാ വ്യവസായ പാർക്കുകളിലും ലഭ്യമാക്കി യിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**